ജൂൺ 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

ഭാരതം കാത്തിരുന്ന പ്രതീക്ഷകളുടെ സുദിനം സമാഗതമാകുകയും 2019 ലെ ജനവിധി പ്രതീക്ഷകൾക്കതീതമായി പ്രകാശിതമാകുകയും ചെയ്തു. ഉറപ്പുള്ള ഒരു ഭരണകൂടം കേന്ദ്രത്തിൽ വരുവാനുള്ള വഴികൾ തെളിഞ്ഞു. അടുത്ത 5 സംവത്സരത്തേക്ക് ആശങ്കകൾ കൂടാതെ ഭരിക്കുവാൻ ഭരണസാരഥ്യം നരേന്ദ്രമോദിയുടെ കരങ്ങളിൽ ഭാരതജനത ഏൽപ്പിച്ചു. എന്നാൽ കേരളത്തിൽ കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണി പ്രതീക്ഷകൾക്കുപ്പുറമായി വിജയം കൈവരിക്കുകയും ഭരണമുന്നണി പ്രതീക്ഷകൾക്കു വിപരീതമായി പരാജയപ്പെടുകയും ചെയ്തു. കേരളത്തിൽ താമര വിരിഞ്ഞില്ല എന്നതും ശ്രദ്ധേയമാണ്. ശബരിമലയും പ്രളയാനന്തരം ഉണ്ടായ കേരളജനതയുടെ ഐക്യതയെ കെടുത്തിക്കളയുന്നവിധം പിന്നീടുണ്ടായ വിഭാഗീയ പ്രവണതകളും തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു എന്നുവേണം മനസ്സിലാക്കാൻ. വിഭാഗീയതകൾ വെടിഞ്ഞ് സാമുദായിക ധ്രുവീകരണങ്ങളെ പരിത്യജിച്ച് മുന്നേറുവാൻ ഭാരതജനതയ്ക്കും കേരളജനതയ്ക്കും വിനയവും വിവേകവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഭാരതത്തിൽ വടക്കൻ സംസ്ഥാനങ്ങളിൽ ഭരണകക്ഷിക്ക് ശക്തമായ പിന്തുണ ലഭ്യമായി എന്നതാണ് തെരഞ്ഞെടുപ്പു ഫലങ്ങൾ സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ മഹത്തായ മതേതരത്വ പാരമ്പര്യങ്ങളെയും ജനാധിപത്യമൂല്യങ്ങളെയും 7 ദശകങ്ങളോളം കാത്തുപരിപാലിച്ച സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനേറ്റതായ ആഘാതം അപരിഹാര്യമായ നഷ്ടമത്രെ. ജനകീയ തലങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാൻ ദർശനം പുതുക്കുകയും ജനസമ്പർക്ക പരിപാടികളിൽ നിന്നും അകന്നുനിൽക്കാതെ ജനങ്ങളോടൊപ്പം നിൽക്കുകയും ചെയ്യുന്ന സമീപനത്തിലൂടെ മാത്രമേ ഈ പരാജയത്തിൽ നിന്നും കരകയറുവാൻ കോൺഗ്രസിനു കഴിയുകയുള്ളൂ. അതിലുപരിയായി കോൺഗ്രസിന്റെയുള്ളിലെ വിഭാഗീയതയാണ് അടുത്തകാലത്ത് മുന്നേറ്റം നടത്തിയ സംസ്ഥാനങ്ങളിൽ പോലും പരാജയപ്പെടുവാൻ കാരണമായിത്തീർന്നത് എന്നത് ഒരു യാഥാർത്ഥ്യമത്രെ. 13 സംസ്ഥാനങ്ങളിൽ നിന്നും ഒരു എം.പി. പോലും പാർലമെന്റിലില്ലാത്ത അവസ്ഥ കോൺഗ്രസിനുണ്ടായത് ഈ യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമത്രെ. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ജനകീയ പ്രശ്നങ്ങളിൽ ജനങ്ങളോടൊപ്പം നിൽക്കുവാനുള്ള വിവേകവും വിനയവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഭാരതം ഇന്നയോളം കാത്തുപരിപാലിച്ച മതേതരത്തിന്റെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ഭാരതത്തിന്റെ യശസ്സ് ഉയർത്തുവാൻ കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും അധികാരമേൽക്കുന്നവർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. മീഖാപ്രവാചകൻ പറഞ്ഞതുപോലെ "മനുഷ്യാ, നല്ലതെന്തെന്ന് ഞാൻ നിനക്ക് പറഞ്ഞുതരാം. നീതി പ്രവർത്തിക്കുക, ദയാതൽപ്പരനായിരിക്കുക, വിനയത്തോടെ ദൈവസന്നിധിയിൽ നടക്കുക" എന്ന സനാതനമായ സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ ഭരണസാരഥ്യത്തിലേക്ക് പ്രവേശിക്കുന്ന എല്ലാവർക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എങ്കിൽ മാത്രമേ വിഭാഗീയതയുടെ വംശീയ കലാപങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും ഇല്ലാത്തതും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതുമായ ജനാധിപത്യസാഹോദര്യത്തിന്റെ ഒരു നല്ലകാലത്തെ വരവേല്ക്കുവാൻ നമുക്ക് കഴിയുകയുള്ളു എന്ന് ഓർമ്മിപ്പിക്കട്ടെ.

ഈ മാസം മെയ് 2-ാം തീയതി നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ കമ്മറ്റി കൂടുകയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിലയ്ക്കൽ ആരാധനാലയത്തിന്റെ പുനർനിർമ്മാണം ജൂലൈ മാസത്തിനകം പൂർത്തീകരിക്കുവാനും ജൂലൈയിലെ മാർത്തോമ്മാ ദിനത്തിൽ കൂദാശ നടത്തത്തക്കവണ്ണം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. മെയ് 17-ാം തീയതി കട്ടപ്പന മുളകരമേട് കോൺഗ്രിഗേഷന്റെ പുതിയ മദ്ബഹായുടെ കൂദാശ നിർവ്വഹിച്ചു.

ഈ വർഷം നമ്മുടെ സ്കൂളുകൾ എസ്.എസ്.എൽ.സി. പരീക്ഷയിലും ഹയർ സെക്കണ്ടറി പരീക്ഷയിലും മികവാർന്ന വിജയം കൈവരിച്ചു എന്നത് ഏറെ അഭിമാനകരമത്രെ. നമ്മുടെ മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിലെ 15 സ്കൂളുകളിൽ 13 സ്കൂളുകൾ എസ്.എസ്.എൽ.സി.യ്ക്ക് 100% വിജയം കൈവരിക്കുകയുണ്ടായി. കൊട്ടാരക്കര ഗേൾസ് ഹൈസ്കൂളിൽ 79 ഫുൾ A+ ലഭിച്ചു. ഹയർ സെക്കണ്ടറി വിഭാഗത്തിലും നമ്മുടെ 8 സ്കൂളുകളിൽ 6 സ്കൂളുകൾ 80% നും 95% നും ഇടയ്ക്ക് വിജയശതമാനം കരസ്ഥമാക്കി. തിരുവല്ല എസ്.സി.എസ്. ഹയർ സെക്കണ്ടറി സ്കൂളിൽ കോമേഴ്സ് വിഭാഗം 100% വിജയം കരസ്ഥമാക്കി എന്നത് ശ്രദ്ധേയമാണ്. 2 സ്കൂളുകൾക്ക് ഈ ഒരു വിജയശതമാനത്തിലേക്ക് ഉയരാൻ കഴിഞ്ഞില്ല നമ്മുടെ വിവിധ ഇടവകകൾ നടത്തുന്ന സ്കൂളുകളിലും എസ്.എസ്.എൽ.സി.യ്ക്ക് 100% വിജയം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്കും 100% വിജയം ലഭിച്ചു. കാക്കനാട് മാർത്തോമ്മാ പബ്ലിക്ക് സ്കൂൾ 100% വിജയം കൈവരിക്കുകയും 60 വിദ്യാർത്ഥികളിൽ 40 വിദ്യാർത്ഥികൾ ഡിസ്റ്റിംഗ്ഷനോടെ പാസ്സാകുകയും ചെയ്തു. നമ്മുടെ നിക്കോൾസൺ ഗേൾസ് ഹൈസ്കൂൾ 100% വിജയം കൈവരിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. സ്കൂളിന്റെ പ്രവർത്തനങ്ങളിൽ അക്കാദമികവും ഭൗതികവുമായ ചുറ്റുപാടുകളിൽ വേണ്ട പുനക്രമീകരണങ്ങൾ നടത്തിയതുമൂലമാണ് ഇപ്രകാരമൊരു നേട്ടം കൈവരിക്കുവാൻ കഴിഞ്ഞത്. പെൺകുട്ടികളെ ഹോസ്റ്റലിൽ താമസിപ്പിച്ച് പഠിപ്പിക്കുവാൻ താല്പര്യപ്പെടുന്ന മാതാപിതാക്കൾ നിക്കോൾസണിൽ ക്രമീകരിച്ചിരിക്കുന്ന നവീന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നത് ഏറെ അഭികാമ്യമായിരിക്കും എന്ന് ഓർമ്മിപ്പിക്കട്ടെ. വിവിധ സ്കൂളുകളിൽ നമുക്ക് ലഭ്യമായ ഉന്നത വിജയശതമാനത്തിന്റെ പിന്നിൽ കഠിനാദ്ധ്വാനം ചെയ്ത സ്കൂൾ സാരഥികളെയും അദ്ധ്യാപകരെയും കുട്ടികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. പ്രത്യേകിച്ചും മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സ്കൂളുകളിൽ സ്കൂളുകളെ ഉന്നതമായ വിജയശതമാനത്തിലേക്ക് ഉയർത്തുവാൻ ആത്മാർത്ഥമായ പ്രോത്സാഹനവും കൈത്താങ്ങലും നൽകിയ മാനേജർ ശ്രീമതി ലാലമ്മ വർഗ്ഗീസ് ടീച്ചറിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഈ കാലഘട്ടത്തിലെ സങ്കടകരമായ ഒരു അവസ്ഥ നാം എല്ലാവരും ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ കുഞ്ഞുങ്ങൾ ഭാവിയുടെ പ്രതീക്ഷകളാണ്. എന്നാൽ നമ്മുടെ പല കുഞ്ഞുങ്ങളും ലഹരി ആസക്തിയുടെ ചുഴികളിൽ വീണുപോകുന്നു എന്നത് വളരെ സങ്കടകരമായ ഒരു യാഥാർത്ഥ്യമത്രെ. പണ്ട് പുകയിലയും മദ്യവും മയക്കുമരുന്നുമാണ് ലഹരിയുടെ പ്രധാന വിഭവങ്ങളായി പ്രത്യക്ഷപ്പെട്ടിരുന്നതെങ്കിൽ ഇന്ന് വളർന്നുകൊണ്ടിരിക്കുന്ന ആധുനിക ടെക്നോളജിയിൽ അധിഷ്ഠിതമായിട്ടുള്ള സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് എന്നിവയെല്ലാം ടെക്നോളജിക്കൽ അഡിക്ഷനിലേക്ക് കുട്ടികളെ തള്ളിവിടുകയാണ് ചെയ്യുന്നത്. കളിപ്പാട്ടം വാങ്ങിച്ചുകൊടുക്കുന്നതുപോലെ കുട്ടികൾക്ക് സ്മാർട്ട് ഫോൺ വാങ്ങിച്ചുകൊടുക്കുമ്പോൾ അതിന്റെ ഗുണഫലങ്ങളെക്കാൾ കൂടുതലായി തിന്മയുടെ ഫലങ്ങളാണ് കുട്ടികൾ ഉപയോഗ

പ്പെടുത്തുന്നത് എന്ന യാഥാർത്ഥ്യം നാം കണ്ടില്ലെന്ന് നടിക്കരുത്. ഇത്തരം ലഹരികളുടെ കെണികളിൽ വീണുപോകുന്ന കുട്ടികൾ അവരുടെ പഠനത്തിന്റെ സാധ്യതകളെ മാത്രമല്ല, ജീവിതത്തിന്റെ വളർച്ചയെത്തന്നെ തകർത്തുകളയുന്നു എന്ന് തിരിച്ചറിയേണ്ടതായിട്ടുണ്ട്. ഇന്ന് ടെക്നോളജിക്കൽ അഡിക്ഷനിലേക്ക് പലപ്പോഴും മുതിർന്നവർപോലും ചെന്നുവീഴുന്നതിന്റെ സങ്കടകരമായ അനുഭവങ്ങൾ നിരവധി വാർത്താമാധ്യമങ്ങളിലൂടെ നാം അറിഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മുടെ വൈദികരായി മാർത്തോമ്മാ സഭയിൽ ശുശ്രൂഷയിൽ പ്രവേശിക്കുന്നവർ പുകയില, മദ്യം എന്നിവയിൽ നിന്ന് വിമുക്തരായിരിക്കണം എന്ന ഒരു അലിഖിത പാരമ്പര്യം നിലവിലുള്ളതാണ്. എന്നാൽ നമ്മുടെ വൈദികർ പോലും നവമാധ്യമങ്ങളുടെ വശീകരണത്തിലേക്ക് ആകർഷിക്കപ്പെടുന്നതുമൂലം ചിലപ്പോഴെങ്കിലും ദൈവം ഏൽപ്പിച്ച ശുശ്രൂഷ ഉത്തരവാദിത്വപൂർവ്വം നിർവ്വഹിക്കുന്നസാക്ഷ്യത്തിൽ വീഴ്ച വരുത്തുന്നു എന്നത് വളരെ സങ്കടകരമായ ഒരു വസ്തുതയത്രെ. ലഹരിയുടെ ആസക്തിക്ക് വിധേയരായവർ നമ്മുടെ ഇടവകകളുടെയും സഭയുടെയും വിവിധ കമ്മറ്റികളിലും കൗൺസിലുകളിലും വന്നുചേരുന്നുണ്ടോ എന്ന് ബന്ധപ്പെട്ടവർ ആത്മപരിശോധന നടത്തേണ്ടതാണ്. അമേരിക്കയുടെ മഹാനായ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ ഒരു വിരുന്ന് സൽക്കാരവേളയിൽ പങ്കെടുത്തപ്പോൾ മദ്യം രുചിക്കാൻ ഒരുങ്ങിയിരിക്കുന്ന ഒരു വലിയ കൂട്ടത്തെയാണ് അവിടെ കണ്ടത്. എന്നാൽ ഏബ്രഹാം ലിങ്കൺ തന്റെ മുമ്പിൽ മദ്യം വിളമ്പാനായി സംഘാടകർ തയ്യാറാക്കിവച്ചിരുന്ന ഗ്ലാസ് കമഴ്ത്തിവയ്ക്കുകയാണുണ്ടായത്. വിരുന്ന് സൽക്കാരവേളയിൽ എല്ലാവരും മദ്യപിക്കുമ്പോൾ താങ്കൾ മാത്രം മദ്യപിക്കാതിരിക്കുന്നത് സാമാന്യ മര്യാദയല്ല എന്ന് ലിങ്കന്റെ ചില സുഹൃത്തുക്കൾ ഓർമ്മിപ്പിച്ചപ്പോൾ ഏബ്രഹാം ലിങ്കൺ അതിനു നൽകിയ മറുപടി ഇന്നയോളം താൻ പുലർത്തിവന്ന മൂല്യാധിഷ്ഠിതമായ ജീവിതത്തിന്റെ പ്രതിഫലനമായിരുന്നു- "ഞാൻ എന്റെ അമ്മയോട് ഒരിക്കൽ പ്രതിജ്ഞ ചെയ്തതാണ്-"ഒരിക്കലും മദ്യപിക്കയില്ല എന്ന്. എനിക്ക് വലുത് ആ പ്രതിജ്ഞയാണ്". ഇത്തരത്തിൽ ഒരു നിലപാട് സ്വീകരിക്കുവാൻ എല്ലാവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മെയ് 1-ാം തീയതി മാർത്തോമ്മാ സഭയിലെ പട്ടക്കാരുടെ സ്ഥലംമാറ്റമായിരുന്നു. ചില സ്ഥലങ്ങളിൽ സ്ഥലംമാറ്റ പ്രക്രിയയോടനുബന്ധിച്ച് പട്ടക്കാരിൽ നിന്നുണ്ടായ ചില പ്രതികരണങ്ങളെക്കുറിച്ച് പരാതികളുണ്ടായിട്ടുണ്ട്. ചിലയിടങ്ങളിൽ സന്തോഷത്തോടെ സ്നേഹത്തിന്റെ ആത്മാവിൽ യാത്ര പറയേണ്ട സാഹചര്യം ഹനിക്കപ്പെട്ട അനുഭവവും ഉണ്ടായിട്ടുണ്ട്. അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി അച്ചന്മാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് നൽകിയ പ്രബോധനാത്മകമായ കല്പന ചില ഇടവകകളെങ്കിലും അവഗണിക്കുന്നത് ആശാസ്യമല്ല എന്ന് അനുസ്മരിപ്പിക്കട്ടെ. ആ കല്പനയുടെ അന്തസ്സത്ത ഉൾക്കൊണ്ട് പ്രവർത്തിക്കാൻ സ്വദേശത്തും വിദേശത്തുമുള്ള എല്ലാ ഇടവകകളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മാർത്തോമ്മാ സഭയിലെ ഏറ്റവും ഇളയ എപ്പിസ്കോപ്പായായ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ 61-ാം ജന്മദിനം തൃശൂർ എബനേസർ മാർത്തോമ്മാ പള്ളിയിൽ വെച്ച് സമുചിതമായി നടത്തപ്പെട്ടു. സഭയുടെ എപ്പിസ്കോപ്പാമാരുടെ സംഘത്തിലുള്ളവരുടെ പ്രായം 102 നും 61 നും ഇടയ്ക്കാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സഭയുടെ ഈ കാലഘട്ടത്തിന്റെ ആവശ്യകതയെ സഭാജനങ്ങൾ ജാഗ്രതയോടെ വിക്ഷിക്കേണ്ടതത്രെ. കടമ്പകൾ കടന്ന് മുമ്പോട്ടുപോകുവാൻ ആവശ്യമായ ദർശനം സഭയ്ക്ക് ലഭിക്കേണ്ടതിനായി എല്ലാവരും ഹൃദയപൂർവ്വം പ്രാർത്ഥിക്കണമെന്ന് അനുസ്മരിക്കുന്നു.

ന്യൂയോർക്ക് സെനറ്റ് മാർത്തോമ്മാ സഭയുടെ പൈതൃകത്തെയും പ്രവർത്തനങ്ങളെയും അഭിനന്ദിച്ചുകൊണ്ട് ഒരു പ്രത്യേക പ്രമേയം പാസ്സാക്കി എന്നത് ശ്രദ്ധേയവും അഭിമാനകരവുമായ ഒരു വസ്തുതയത്രെ. നവീകരണത്തിന്റെ 183-ാം വാർഷികം സഭയായി ആചരിക്കുന്ന ഈ കാലയളവിൽ ഇക്കാര്യം എടുത്തുപറഞ്ഞുകൊണ്ടാണ് സെനറ്റ് ഈ അഭിനന്ദന പ്രമേയം പാസ്സാക്കിയത് എന്നതിലും വളരെയധികം സന്തോഷമുണ്ട്. നമ്മുടെ ഭദ്രാസന എപ്പിസ്കോപ്പായായ അഭി. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പായെ സെനറ്റ് യോഗത്തിലേക്ക് അതിഥിയായി ക്ഷണിക്കുകയും മലയാള ഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു എന്നത് സഭയ്ക്ക് ലഭിച്ച ഒരപൂർവ്വ ബഹുമതി തന്നെയാണ്. രണ്ടു ദശകങ്ങൾക്കുമുമ്പ് നമ്മുടെ ജന്മദിനമായ ജൂൺ 27-ാം തീയതി ലോസ്ആഞ്ചലസിൽ വെച്ച് നടന്ന ഒരു സുഹൃത് സമ്മേളനത്തിൽ ലോസ്ആഞ്ചലസ് കൗൺസിൽ നമുക്ക് ആശംസകൾ നേർന്നുകൊണ്ട് ജോസഫ് മാർ ഐറേനിയസ് ഡേ ആയി ആ ദിനം പ്രഖ്യാപിച്ച് ആദരിച്ചത് ഈ സമയം അനുസ്മരിക്കുന്നു. ഈ മാസം 27-ാം തീയതി നാം 89-ാം ജന്മദിനത്തിലേക്ക് പ്രവേശിക്കുകയാണ്. ഇന്നയോളം കാത്തുപരിപാലിച്ച വലിവനായ ദൈവത്തിന് സ്തോത്രം. പുതിയ സംവത്സരത്തിൽ ആവശ്യമായ ദൈവകൃപ ധാരാളമായി ലഭിക്കേണ്ടുന്നതിനായി ഏവരും പ്രാർത്ഥിക്കണം എന്ന് ഓർമ്മിപ്പിക്കട്ടെ. യൂഹാനോൻ തിരുമേനി 84-ാം ജന്മദിനത്തിൽ ഇപ്രകാരം പറയുകയുണ്ടായി-"പുതിയ സംവത്സരത്തിന്റെ യാത്രയിൽ എന്നോടു കൂടെയുള്ളവൻ ആരെന്ന് എനിക്കറിയാം; എനിക്ക് അതുമതി". ഡോ. സ്റ്റാൻലി ജോൺസ് 86-ാം വയസ്സിൽ ഇപ്രകാരം പറഞ്ഞു-"പുതിയ സംവത്സരത്തിലെ അനുഭവങ്ങൾ എങ്ങനെയായിരിക്കും എന്ന് എനിക്ക് അറിയേണ്ട കാര്യമില്ല; എനിക്ക് ഒരു കാര്യം മാത്രം അറിഞ്ഞാൽ മതി-എന്റെ ഭാവി ആരുടെ കരങ്ങളിലാണ് ഇരിക്കുന്നത്? എനിക്കത് നന്നായറിയാം". ഈ വിശ്വാസസാക്ഷ്യങ്ങൾ നമുക്കെന്നും പ്രത്യാശയുടെ വഴിവെളിച്ചമാണ്. നമ്മുടെ അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് ശാരീരികമായ ക്ഷീണമുണ്ടെങ്കിലും ഉറക്കമില്ലാത്ത സന്ദർഭങ്ങളിൽ നല്ല ഓർമ്മയോടും പ്രസന്നതയോടുംകൂടി സംസാരിക്കാൻ കഴിയുന്നുണ്ട്. തിരുമേനിയുടെ ആയുരാരോഗ്യസൗഖ്യത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

മെയ്മാസത്തിൽ, നമ്മുടെ സഭയിലെ അനുഗൃഹീത പട്ടക്കാരനായിരുന്ന റവ. ഡോ. ഗീവർഗീസ് മാത്യു (70) ആകസ്മികമായുണ്ടായ ഹൃദ്രോഗബാധയെ തുടർന്ന് നിത്യതയിലേക്ക് ചേർക്കപ്പെട്ടു. അന്ന് രാവിലെ പെരിങ്ങല്ലൂരിലെ ഇടവകയിൽ ചാർച്ചയിൽപ്പെട്ട ഒരു വിവാഹ കൂദാശയിൽ അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനിയോടൊപ്പം പങ്കെടുത്ത് ആശീർവദിച്ച് അച്ചൻ ഭവനത്തിലേക്ക് മടങ്ങിയത് സഹോദരനോടൊപ്പം കാറിലായിരുന്നു. എന്നാൽ കാർ ഡ്രൈവ് ചെയ്തിരുന്ന സഹോദരൻ തന്റെ കാലിന് ഒരു അസ്വസ്ഥത തോന്നുന്നു എന്നു പറഞ്ഞപ്പോൾ താൻ ഡ്രൈവ് ചെയ്തുകൊള്ളാം എന്നുപറഞ്ഞ് അച്ചൻ തന്നെ കാർ ഡ്രൈവ് ചെയ്ത് സുരക്ഷിതമായി ഇരവിപേരൂരുള്ള ഭവനത്തിലെത്തുകയുണ്ടായി. ഭവനത്തിലെത്തി യാത്രാക്ഷീണം മാറ്റുന്നതിനുവേണ്ടി കുളിമുറിയിൽ കയറി കുളികഴിഞ്ഞ് പുറത്തേക്ക് വന്നപ്പോൾ പെട്ടെന്ന് ഒരു അസ്വസ്ഥത അനുഭവപ്പെടുകയും അതിനെത്തുടർന്ന് കുമ്പനാട് ഫെലോഷിപ്പ് ഹോസ്പിറ്റലിൽ എത്തിക്കുകയും ചെയ്തു. എന്നാൽ വേണ്ട പരിചരണവും ചികിത്സയും നൽകിയെങ്കിലും ജീവൻ രക്ഷിപ്പാൻ കഴിഞ്ഞില്ല. ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ ശവസംസ്കാര ശുശ്രൂഷ നടന്നു. കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരി പ്രിൻസിപ്പലായും അദ്ധ്യാപകനായും അനേകം ഇടവകകളിൽ മാതൃകയുള്ള ഇടവക പട്ടക്കാരനായും അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മാർത്തോമ്മാ കോളജിന്റെ മുൻ പ്രിൻസിപ്പലായിരുന്ന പ്രൊഫ. സി.റ്റി. ടൈറ്റസ് വാർദ്ധക്യ സഹജമായ രോഗംമൂലം നിര്യാതനായി. കുറ്റപ്പുഴ ജെറുശലേം മാർത്തോമ്മാ പള്ളിയിൽ ശവസംസ്കാര ശുശ്രൂഷ നടന്നു. പരേതനായ റവ. റ്റി.എ. കോശി അച്ചന്റെ മാതാവ് 102-ാം വയസ്സിൽ നിര്യാതയായി. ശവസംസ്കാര ശുശ്രൂഷ കവിയൂർ വലിയപള്ളിയിൽ നടന്നു. ഈ പ്രിയപ്പെട്ടവരുടെ ധന്യമായ ജീവിതസാക്ഷ്യത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫ്രൻസ് ഏറ്റവും അനുഗൃഹീതമായ രീതിയിൽ പത്തനംതിട്ട മാർത്തോമ്മാ സ്കൂളിൽവെച്ച് നടന്നു. താമസസൗകര്യങ്ങൾ ക്രമീകരിക്കുന്നതിൽ സഹോദരീ സഭകളുടെ സംവിധാനങ്ങളും ലഭ്യമായി എന്നത്

പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ട്. സമുചിതമായി കോൺഫ്രൻസ് നടത്തുന്നതിന് ഉപരക്ഷാധികാരിയായി വെരി. റവ. സ്കറിയാ ഏബ്രഹാം അച്ചനും പ്രസിഡന്റായി ഡോ. റോയിസ് മല്ലശ്ശേരിയും പത്തനംതിട്ട മാർത്തോമ്മാ ഇടവക വികാരി റവ. സി.വി. സൈമൺ അച്ചനും മറ്റ് ചുമതലക്കാരും നല്ല നേതൃത്വം നൽകിയിതിൽ പ്രത്യേകം അഭിനന്ദിക്കുന്നു. നല്ല ശിക്ഷണത്തോടുകൂടിയും ആധുനിക ടെക്നോളജിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി സാമൂഹ്യ പ്രതിബദ്ധത ഉണർത്തുന്ന ക്ലാസ്സുകൾ സംഘടിപ്പിച്ചും നടന്ന കോൺഫ്രൻസ് അതിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും ഒരു ദിശാബോധവും ഉണർവ്വും പകർന്നു നൽകി എന്നു വിശ്വസിക്കുന്നു. തുടർന്നുള്ള പഠനത്തിലും ജീവിതത്തിലും കോൺഫ്രൻസിലൂടെ പകർന്നുകിട്ടിയ ദർശനങ്ങളും മൂല്യങ്ങളും പങ്കെടുത്ത വിദ്യാർത്ഥികളിൽ പ്രതിഫലിക്കട്ടെ എന്ന് ആശംസിക്കുന്നു.

ജൂൺമാസം ധ്യാനത്തിലേക്ക് നാം പ്രവേശിക്കുന്നത് 'ദൈവീക ജ്ഞാനത്തിൽ വളരുക' എന്ന ചിന്താവിഷയത്തോടുകൂടിയാണ്. ജൂൺ 2 വിദ്യാർത്ഥിഞായറായി സഭ ആചരിക്കുന്നു. യേശു ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വന്നതുപോലെ നമ്മുടെ ഓരോ കുഞ്ഞിനും വളരുവാൻ കഴിയുമ്പോഴാണ് യഥാർത്ഥ വിദ്യാഭ്യാസം ജീവിതത്തിന് അനുഗ്രഹകരമായി തീരുന്നത്. എല്ലാ വർഷവും ജൂൺ ആദ്യം നമ്മുടെ വിദ്യാലയങ്ങളിലേക്ക് ആദ്യാക്ഷരം കുറിക്കാൻ ആയിരക്കണക്കിന് കുഞ്ഞുങ്ങൾ കടന്നുവരുന്ന ദൃശ്യം വളരെ ഹൃദയസ്പർശിയാണ്. പിഞ്ചോമനകൾ വിദ്യാരംഭം കുറിക്കാൻ മാതാപിതാക്കളുടെ കരംപിടിച്ച് സ്കൂളിലേക്ക് വരുന്നത് ആവേശഭരിതരായിട്ടാണ്. എന്നാൽ കുഞ്ഞുങ്ങളെ ക്ലാസിലിരുത്തിയശേഷം മാതാപിതാക്കൾ സ്കൂളിൽ നിന്നും മടങ്ങുമ്പോൾ പിന്നെ എല്ലായിടത്തും നാം കേൾക്കുന്നത് ആരുടേയും കരളലിയിക്കുന്ന വിധത്തിലുള്ള കുട്ടികളുടെ നിലവിളികളാണ്. ഒരു കുഞ്ഞ് ഭൂമിയിലേക്ക് പിറന്നുവീഴുന്നത് കരഞ്ഞുകൊണ്ടാണ്. ആ കരച്ചിലിലൂടെയാണ് കുട്ടി ശരീരത്തിന്റെ അവയവങ്ങളെയെല്ലാം ഊർജ്ജസ്വലമാക്കുന്നത്. അതുകൊണ്ടാണ് കുട്ടിയുടെ ആ കരച്ചിൽ കേൾവിക്കാരിൽ സന്തോഷത്തിന്റെ ഉത്സവങ്ങൾ തീർക്കുന്നത്. അതുപോലെ അറിവിന്റെ ലോകത്തിലേക്ക് കുട്ടി പ്രവേശിക്കുമ്പോൾ ക്ലാസുകളിൽ നാം മുഴങ്ങിക്കേൾക്കുന്ന കരച്ചിലുകൾ പോലും അറിവിന്റെ വെളിച്ചത്താൽ പ്രശോഭിതമായ ഒരു പുതിയ ജിവിതത്തിനുവേണ്ടി ശരീരത്തെയും മനസ്സിനെയും ശക്തീകരിക്കുന്ന അനുഭവമായി തീരുകയാണ്. പുതിയ വിദ്യാലയവർഷം ആദ്യാക്ഷരം കുറിക്കുന്നവർക്കും പഠനം തുടരുന്നവർക്കും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ മുതിർന്നുവരുന്ന, ദൈവീക ജ്ഞാനത്തിൽ വളർന്നുവരുന്ന അനുഭവമായി തീരട്ടെ എന്ന് ആശംസിക്കുന്നു. ജൂൺ 2 ഞായറാഴ്ച വൈദിക ഞായറായും സഭ ആചരിക്കുന്നു. വൈദിക ഞായർ സ്തോത്രകാഴ്ചയിൽ ലഭിക്കുന്ന തുകയാണ് നമ്മുടെ വൈദികരുടെ വൈദ്യസഹായത്തിനായി നാം ഉപയോഗിക്കുന്നത്. വൈദിക സമൂഹത്തിന്റെ ആരോഗ്യ പരിരക്ഷണത്തിനായുള്ള ഫണ്ടിൽ സേവനത്തിലിരിക്കുന്ന പട്ടക്കാർ അടിസ്ഥാന ശമ്പളത്തിന്റെ 4% നിക്ഷേപിക്കുമ്പോൾ അവർ സേവനം ചെയ്യുന്ന ഇടവകകളോ സ്ഥാപനങ്ങളോ 4%വും വിഹിതമായി നിക്ഷേപിക്കേണ്ടതാണ്. റിട്ടയർ ചെയ്ത പട്ടക്കാർ റിട്ടയർമെന്റ് കാലയളവിലുള്ള ശമ്പളത്തിന്റെ 3% മാത്രമാണ് നിക്ഷേപിക്കേണ്ടത്. എന്നാൽ ഈ സ്തോത്രകാഴ്ചയിലൂടെ നല്ലൊരു തുക ലഭിച്ചെങ്കിൽ മാത്രമേ വർദ്ധിച്ചുവരുന്ന വൈദ്യസഹായ ആവശ്യങ്ങളിൽ തക്കസമയത്ത് ഇടപെട്ട് സഹായിക്കുവാൻ സഭയ്ക്ക് കഴിയുകയുള്ളു എന്ന് ഓർമ്മിപ്പിക്കട്ടെ. ജൂൺ 9 ഞായറാഴ്ച പെന്തിക്കുസ്തി പെരുന്നാളാണ്. പരിസ്ഥിതി ഞായറായും അന്ന് സഭ ആചരിക്കുന്നു. പരിശുദ്ധാത്മാവേ വരിക, സൃഷ്ടിയെ രൂപാന്തരപ്പെടുത്തുക എന്നതാണ് അന്നത്തെ ധ്യാനവിഷയം. ദൈവം മനുഷ്യനെ സൃഷ്ടിച്ച ശേഷം ഏദൻ തോട്ടത്തിലാക്കി മനുഷ്യനോട് നിർദ്ദേശിക്കുന്നത് "dress it and keep it" (സംവിധാനം ചെയ്ത് സൂക്ഷിച്ചുകൊൾക) എന്നാണ്. ദൈവം മനുഷ്യനെ ഏൽപ്പിച്ചത് സൃഷ്ടിയെ കൂടുതൽ മനോഹരമാക്കി, ആരോഗ്യകരമായി നിലനിർത്തി ഫലദായകമാക്കി തീർക്കാനുള്ള ദൗത്യമാണ്. ഈ ലോകത്തെ നശിപ്പിക്കാനല്ല, പരിരക്ഷിക്കുവാനും പരിസ്ഥിതിയെ കൂടുതൽ മെച്ചപ്പെടുത്തുവാനും ഉള്ള ദൗത്യം നാം ഓരോരുത്തരും ഏറ്റെടുക്കേണ്ട ദൗത്യമാണ്. പെന്തിക്കുസ്തി ദിനം പരിശുദ്ധാത്മാവിനെ നൽകി ദൈവം സഭയെ ശക്തീകരിച്ച് പുതുമാനവികതയുടെയും പുതുചൈതന്യത്തിന്റെയും അനുഭവം സമ്മാനിച്ച ദിനമാണ്. ഈ പുതുക്കപ്പെടൽ ഒരു തുടർപ്രക്രിയയായി തീരുമ്പോഴാണ് സഭയ്ക്കെന്നും ഒരു നവീകരണസഭയായി നിലനിൽക്കാൻ കഴിയുന്നത്. ജൂൺ 16-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്ന ശ്ലീഹാ നോമ്പ് അവസാനിക്കുന്നത് ജൂൺ 29-ാം തീയതി ശനിയാഴ്ച പത്രോസ്, പൗലോസ് നാൾ ആചരണത്തോടുകൂടിയാണ്. ശ്ലീഹന്മാരുടെ വിളിയും നിയോഗവും ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സാക്ഷികളായി ക്രിസ്തുവിൽ വളരുവാനും മറ്റുള്ളവരെ ഈ സാക്ഷ്യത്തിന്റെയും രക്ഷയുടെയും അനുഭവത്തിലേക്ക് ക്ഷണിക്കുവാനും വേണ്ടിയുള്ളതാണ്. പട്ടക്കാരുടെ എണ്ണം കുറവായിരുന്ന പണ്ടു കാലങ്ങളിൽ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ നാളുകളിലായിരുന്നു നമ്മുടെ സഭയിൽ പട്ടംകൊട ശുശ്രൂഷ നടന്നിരുന്നത് എന്നതും പ്രത്യേകം ഓർക്കുന്നു. ജൂൺ 23-ാം തീയതി ഞായറാഴ്ച 'അപ്പോസ്തലിക സഭ' എന്നതാണ് ധ്യാനവിഷയം. ക്രിസ്തുവിനെ ജീവനുള്ള ദൈവത്തിന്റെ പുത്രനായി അംഗീകരിക്കുന്നവരുടെ വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ്. ക്രിസ്തീയ സഭ. യേശു തെരഞ്ഞെടുത്ത ശിഷ്യന്മാരെ നാം ശ്രദ്ധിക്കുകയാണെങ്കിൽ അവരെല്ലാം വ്യത്യസ്ത സ്വഭാവക്കാരും മനോഭാവക്കാരും ആയിരുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. വി.യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ 21-ാം അദ്ധ്യായത്തിൽ മീൻ പിടിക്കാൻ പത്രോസിന്റെ നേതൃത്വത്തിൽ ഇറങ്ങിപ്പോയ ശിഷ്യന്മാരുടെ കൂട്ടത്തിൽത്തന്നെ ഈ ഭിന്നസ്വഭാവക്കാരെ കാണുവാൻ കഴിയും. എടുത്തുചാട്ടക്കാരനായ പത്രോസ്, രഹസ്യമായി യേശുവിനെ സമീപിച്ച് സ്ഥാനമാനങ്ങൾ കിട്ടണമെന്ന് ആഗ്രഹിച്ച സെബദി മക്കളായ യാക്കോബ്, യോഹന്നാൻ എന്തും യുക്തിപൂർവ്വം അന്വേഷിച്ച് നിഗമനത്തിലെത്തണമെന്ന് ആഗ്രഹിക്കുന്ന ഗവേഷണ സ്വഭാവമുള്ള തോമസ് എന്തിനേയും മുൻവിധിയോടെ കാണുന്ന നഥനയേൽ, പേരുപോലും പരാമർശിക്കപ്പെട്ടിട്ടില്ലാത്ത വേറെ രണ്ടുപേർ-ഈ ഏഴുപേരാണ് യേശുവിനെ കൂടാതെ മീൻ പിടിക്കാൻ പോയി പരാജയത്തിന്റെ രുചി അറിഞ്ഞത്. യേശുവിന്റെ മറ്റ് ശിഷ്യന്മാരിൽ ഒരു പബ്ലിസിറ്റിയും ആഗ്രഹിക്കാത്ത അന്ത്രയോസ്, റോമാ ഗവണ്മെന്റിനുവേണ്ടി കരം പിരിച്ചു നടന്ന ലേവി, ഗവണ്മെന്റിന് എതിരെ വിപ്ലവം നയിക്കുന്ന സംഘത്തിലുൾപ്പെട്ടിരുന്ന എരിവുകാരനായ ശിമോൻ, യേശുവിനെ ഒറ്റു കൊടുക്കാൻ തയ്യാറായിനിന്ന ഇസ്ക്കരിയോത്ത യൂദാ എന്നിങ്ങനെയുള്ള വ്യത്യസ്തവും വിരുദ്ധവുമായ സ്വഭാവമുള്ളവരെ യേശു ഒരുമിപ്പിച്ചു കൊണ്ടുനടന്നു എന്നതുതന്നെ യേശു ചെയ്ത ഏറ്റവും വലിയ അത്ഭുതമായി നമുക്ക് കാണുവാൻ കഴിയും. എന്നാൽ പല കുറവുകളും ഉള്ള ഈ ശിഷ്യന്മാരിൽ ഇസ്ക്കരിയോത്ത യൂദാ നഷ്ടപ്പെട്ടുപോയെങ്കിലും യേശു അവർക്ക് പരിശുദ്ധാത്മാവിനെ നൽകി അവരെ ശക്തീകരിച്ച് സഭയെ പണിയുവാനുള്ള ദൗത്യം അവരെത്തന്നെ ഏല്പിച്ചു എന്നത് ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമാണ്. ജൂൺ 30-ാം തീയതി ഞായറാഴ്ച 'ദൈവജനം - ക്രിസ്തുവിന്റെ ആട്ടിൻകൂട്ടം' എന്ന ചിന്താവിഷയമാണ് ധ്യാനിക്കുന്നത്. ഓരോ ആടിനേയും പേർചൊല്ലി വിളിക്കുന്ന ഇടയന്റെ സ്നേഹം തിരിച്ചറിയുവാൻ നമുക്ക് കഴിയണം. ഇടയന്റെ ശബ്ദം തിരിച്ചറിയുന്ന ആട്ടിൻകൂട്ടമായി ദൈവജനം വളരണം. ക്രിസ്തുവിന്റെ ആട്ടിൻകൂട്ടത്തോടു ചേർന്നുനിന്നും നല്ല ഇടയനായ ക്രിസ്തുവിൽ വസിച്ചും ക്രിസ്തുവിങ്കലേക്ക് ആട്ടിൻകൂട്ടത്തെ ചേർത്തുനിർത്തുവാനുള്ള ഇടയശുശ്രൂഷയാണ് സഭ നിർവ്വഹിക്കുന്നത്. പരിശുദ്ധാത്മാവിൽ ഇടയശുശ്രൂഷ നിർവ്വഹിപ്പാൻ പട്ടക്കാർക്കും ക്രിസ്തുവിന്റെ ആട്ടിൻകൂട്ടമായി വളരുവാനും ദൈവജനത്തിനും ദൈവം കൃപപകരട്ടെ..

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
27-05-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**